# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1256.

06-03-2018 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ സംഭരണ വില

**ചോദ്യം**

ശ്രീ.വി.പി.സജീന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സീസണിൽ ഒരു കിലോ നെല്ല് എത്ര രൂപയ്ക്കാണ് സംഭരിച്ചത്; അതിൽ സംസ്ഥാന വിഹിതമെത്ര; കേന്ദ്രവിഹിതമെത്ര; | (എ) & (ബി) | കഴിഞ്ഞ സീസണിൽ നെല്ല് കിലോഗ്രാമിന് 23.30 രൂപ നിരക്കിലാണ് സംഭരിച്ചത്. ഇതിൽ കേന്ദ്രവിഹിതം 15.50 രൂപയും സംസ്ഥാന വിഹിതം 7.80 രൂപയുമാണ്. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിരവധി ആയ ഹർജികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. നെല്ലിന്റെ സംഭരണവില ഉയർത്തി നൽകേണ്ടത് കേന്ദ്രസർക്കാരാണ്. ഉല്പാദന ചെലവിന് ആനുപാതികമായി സംഭരണവില ഇപ്പോഴത്തെ വിലയുടെ ഒന്നര മടങ്ങ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാർ വിളിച്ച് ചേർത്ത മീറ്റിംഗിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | അരിക്ക് കിലോക്ക് 50/- രൂപ വരെ ഉയർന്ന സാഹചര്യത്തിലും കൃഷിചിലവ് വർദ്ധിച്ച സാഹചര്യത്തിലും നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ